**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** | **10-10-2024 - ൽ മറുപടിയ്ക്ക്**

**പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റവന്യൂ വകുപ്പിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റവന്യൂ വകുപ്പിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ മണ്ഡലത്തിലെ കലവൂർ, മണ്ണഞ്ചേരി, കോമളപുരം എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ സ്മാർട്ടാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും മറ്റുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**1) കലവൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം**<br><br>2022-23 പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയ കലവൂർ സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനായി പഴയ വില്ലേജ് കെട്ടിടം പൊളിച്ചുനീക്കിയിട്ടുള്ളതാണ്. നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് സൈറ്റ് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി 2024 ഒക്ടോബർ രണ്ടാംവാരം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**2) മണ്ണഞ്ചേരി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം**<br><br>2022-23 പ്ലാൻ സ്കീം പ്രകാരം സ്മാർട്ട് ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയ മണ്ണഞ്ചേരി വില്ലേജ് കെട്ടിടത്തിന്റെ റൂഫ് കോൺക്രീറ്റ് വർക്ക് പൂർത്തിയായിട്ടുള്ളതും പ്ലാസ്റ്ററിങ് ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>**3) കോമളപുരം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം**<br><br>പ്ലാൻ സ്കീം 2023-24 പ്രകാരം ഭരണാനുമതി നൽകിയ കോമളപുരം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായുള്ള നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളതും പഴയ |

| | | | |
|---|---|---|---|
| | | | വില്ലേജ് ഓഫീസ് കെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) മുഖേന സ്വീകരിച്ചുവരുന്നതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | (A) പിരിവിനുള്ള മറുപടി. |

സെക്ഷൻ ഓഫീസർ